നമ്പർ. സി1/18062/ടിസി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
അഞ്ചാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]
തീയതി, 27.05.2015

## സർക്കുലർ നം.12/2015

വിഷയം :- **മോട്ടോർ വാഹന വകുപ്പ്** – റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നേത്ര പരിശോധകരെ നിയമിക്കുന്നത് – സംബന്ധിച്ച്

സൂചന :- 1. 24.01.15 തീയതിയിലെ സർക്കാർ കത്ത് നം. 14768/ബി1/2014/ഗതാഗതം
2. 21.02.14 തീയതിയിലെ ഈ ഓഫീസിൽ നിന്നുള്ള കത്ത് നം. സി1/7851/ടിസി/14

ലൈസൻസുകൾ പുതുക്കുന്നതിനും മറ്റും അപേക്ഷകരുടെ വ്യാജ നേത്ര പരിശോധനാ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ അവസ്ഥയ്ക്ക് ഒരു പരിഹാരമെന്ന വണ്ണം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നേത്ര പരിശോധകരെ നിയമിക്കുന്നതിന് അനുവാദം നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സൂചന (1) പ്രകാരം സർക്കാർ അപ്രകാരം അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നേത്ര പരിശോധകരെ നിയമിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ഓഫീസ് തലവൻമാർ തീരുമാനം കൈക്കൊള്ളേണ്ടതാണ്.
2. ആയതിലേയ്ക്കായി അതാത് ഓഫീസ് തലവൻമാർ ഇന്ത്യൻ മെഡിക്കൽ അസോസ്സിയേഷനുമായി ബന്ധപ്പെട്ട് തങ്ങളുടെ ജില്ലയിലെ യോഗ്യതയുള്ള നേത്ര രോഗവിദഗ്ദ്ധരുടെ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്.
3. പട്ടികയിലുൾപ്പെട്ട എല്ലാ ഡോക്ടർമാർക്കും അവരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള സമ്മതം ആരാഞ്ഞുകൊണ്ട് രജിസ്റ്റേർഡ് തപാൽ വഴി കത്തയക്കേണ്ടതുമാണ്.
4. സമ്മതം അറിയിച്ചിട്ടുള്ള ഡോക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കേണ്ടതും അവരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതുമാണ്.
5. നേത്ര പരിശോധകന് വേണ്ട കാര്യങ്ങൾ ഒരുക്കുന്ന ഉത്തരവാദിത്വം അതാത് ഓഫീസ് തലവനിൽ നിക്ഷിപ്തമായിരിക്കും.
6. നേത്ര പരിശോധനയ്ക്കുള്ള ഉപകരണങ്ങളും സൗകര്യവും അതാത് പരിശോധകർ തന്നെ സജ്ജീകരിക്കേണ്ടതാണ്.
7. സൂചന (2) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ഉള്ള വ്യക്തിയെ മാത്രമേ നേത്ര പരിശോധകനായി/പരിശോധകയായി നിയമിക്കുവാൻ പാടുള്ളൂ.
8. നേത്ര പരിശോധകരെ തെരഞ്ഞെടുക്കുമ്പോൾ അവർ ഹാജരാക്കുന്ന സർട്ടിഫിക്കറ്റുകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ ആധികാരികത ബന്ധപ്പെട്ട അധികാരികളിൽ നിന്നും ഉറപ്പു വരുത്തേണ്ടതാണ്.

9. നേത്ര പരിശോധന സർട്ടിഫിക്കറ്റിനു നൽകുന്ന ഫീസ് 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 8 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന് ഈടാക്കുന്ന അതേ ഫീസ് ആയിരിക്കണം. ( രൂപ 50-/)

10. ഓരോ ദിവസവും നേത്ര പരിശോധനകൾ വഴി കിട്ടുന്ന തുക മാത്രമായിരിക്കും നേത്ര പരിശോധകന്റെ പ്രതിഫലം പ്രസ്തുത ഫീസ് നേത്ര പരിശോധകൻ തന്നെ നേരിട്ട് കൈപ്പറ്റേണ്ടതാണ്.

11. നേത്ര പരിശോധകർ ഓഫീസിലുണ്ടായിരിക്കുന്ന സമയം അവരുടെ പേരും വിവരവും വ്യക്തമായി ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കണം.

12 അപേക്ഷകർ സ്വീകരിക്കുമ്പോൾ മറ്റ് നേത്ര പരിശോധകർ നൽകിയ സർട്ടിഫിക്കറ്റാണ് അപേക്ഷകർ ഹാജരാക്കുന്നതെങ്കിൽ ആയത് പരിഗണിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ ഹാജരാക്കുന്ന സർട്ടിഫിക്കറ്റിൽ എന്തെങ്കിലും സംശയം തോന്നുന്ന പക്ഷം പ്രസ്തുത അപേക്ഷകനെ നിയുക്ത നേത്ര പരിശോധനകരെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണ്. കഴിയുന്നതും അതാത് ഓഫീസുകളിൽ നിയമിച്ചിട്ടുള്ള നേത്ര പരിശോധകരിൽ നിന്നും നേത്ര പരിശോധന നടത്തുന്നതിനായി പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

13. നേത്ര പരിശോധകരെ നിയോഗിക്കുമ്പോൾ സർക്കാർ സർവ്വീസിലുള്ള പരിചയം മാനദണ്ഡമായി പരിഗണിക്കേണ്ടതാണ്.

14 സർക്കാർ സേവനം അനുഷ്ഠിച്ചിട്ടില്ലാത്ത പരിശോധകനാണെങ്കിൽ ഈ രംഗത്തുള്ള അദ്ദേഹത്തിന്റെ അനുഭവ പരിജ്ഞാനം പരിഗണിക്കേണ്ടതാണ്.

15. നേത്ര പരിശോധനകന്റെ സേവനം ലഭ്യമാക്കുന്നത് പൊതുജനങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാത്ത തരത്തിലായിരിക്കണം.

16. നേത്ര പരിശോധകന്റെ സമീപത്തേയ്ക്കുള്ള പ്രവേശനം അപേക്ഷകർക്ക് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

ഒപ്പ്

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാഫിക്)